നമ്പർ: ഡി11 16671/17

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ, മലപ്പുറം - 676505, തിയതി-10.01.2018
email: panchayathday2018@gmail.com

# പഞ്ചായത്ത് ദിനാഘോഷം - 2018 - മലപ്പുറം
## സോവനീർ & എക്സിബിഷൻ ഉപസമിതി

പ്രിയ പ്രസിഡന്റ്, ഭരണസമിതി അംഗങ്ങൾ, സെക്രട്ടറി, ജീവനക്കാർ

ഇക്കൊല്ലത്തെ പഞ്ചായത്ത് ദിനാഘോഷത്തിന് മലപ്പുറം ജില്ല ആതിഥ്യമരുളുകയാണ്. നമ്മുടെ മേഖലകളിലെ മിക്ക വിഷയങ്ങളും ചർച്ചയാകുന്ന ഈ ആഘോഷവേളയിൽ, പഞ്ചായത്തുകളിലെ നിലവിലെ ഭരണസമിതി അംഗങ്ങളുടെയും, ജീവനക്കാരുടെയും സർഗ്ഗ സൃഷ്ടികൾ ഉൾപ്പെടുത്തി ഒരു സ്മരണിക കൂടി പ്രകാശനം ചെയ്യുവാൻ സംഘാടക സമിതി തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ താങ്കളുടെ ഭരണസമിതിയിലെ അംഗങ്ങൾ, ഓഫീസിലെ ജീവനക്കാർ എന്നിവരിൽ താൽപര്യമുള്ളവരിൽ നിന്നും പ്രസിദ്ധീകരണത്തിന് അനുയോജ്യമായ ലേഖനം, കഥ, കവിത, കാർട്ടൂൺ,പഞ്ചായത്തുമായി ബന്ധപ്പെട്ട പഴംചൊല്ലുകൾ എന്നിവ ശേഖരിച്ചു ചുവടെ ചേർത്ത വിലാസത്തിൽ അയച്ചുതരുന്നതിന് താൽപര്യപ്പെടുന്നു. വിവാദപരമായതോ, രാഷ്ട്രീയ, മത, സമുദായ സ്പർദ്ധ ഉളവാക്കുന്ന തരത്തിലോ ഉള്ള സൃഷ്ടികൾ ഉൾപ്പെടുത്തരുതെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു. കൂടാതെ പഞ്ചായത്തുമായി ബന്ധപ്പെട്ട ചരിത്ര രേഖകൾ, രാജ്യാന്തര ബഹുമതികൾ, മാതൃകാ പ്രവർത്തനങ്ങൾ, പഞ്ചായത്തുകളുമായി ബന്ധപ്പെട്ട വ്യത്യസ്തവും കൗതുകകരവുമായ അറിവുകളും വിവരങ്ങളും എന്നിവയും, മതിയായ തെളിവു സഹിതം അയച്ചു തന്നാൽ ഉൾപ്പെടുത്തുവാൻ ശ്രമിക്കുന്നതാണ്. ഡാറ്റാ എൻട്രി, പ്രൂഫ് റീഡിംഗ് എന്നിങ്ങനെയുള്ള കാര്യങ്ങളുടെ കൃത്യതക്കും സമയ ലാഭത്തിനുമായി എല്ലാവിധ രചനകളും മൈക്രോസോഫ്റ്റ് വേഡ് രേവതി ഫോർമാറ്റിൽ ഇ-മെയിലായും പ്രസിഡന്റ്/സെക്രട്ടറി കൗണ്ടർസൈൻ ചെയ്ത് സാക്ഷ്യപ്പെടുത്തിയ ഹാർഡ് കോപ്പി, രചയിതാവിന്റെ പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം തപാലിലും 31/01/2018 ബുധനാഴ്ചക്കു മുമ്പായി അയച്ചുതരേണ്ടതാണ്. സ്മരണികയുടെ അന്ത:സത്തക്ക് അനുയോജ്യമായ ഒരു പേരുകൂടി സ്മരണികക്ക് നിർദ്ദേശിക്കുന്നതിനും താൽപര്യപ്പെടുന്നു.

രചനകൾ അയക്കേണ്ട വിലാസം : email – tomyjohn31762@gmail.com

തപാൽ വിലാസം : ടോമിജോൺ
സെക്രട്ടറി, പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്
പാണ്ടിക്കാട് പി.ഒ
മലപ്പുറം - 676521

ഫോൺ: *9447258726, 9496047823.*

സോവിനിയർ / എക്സിബിഷൻ സമിതിക്ക് വേണ്ടി

| | |
|---|---|
| (ഒപ്പ്) | (ഒപ്പ്) |
| സി. രാജേഷ് | ടോമിജോൺ |
| ചെയർമാൻ | കൺവീനർ |
| സോവിനിയർ / എക്സിബിഷൻ സമിതി | സോവിനിയർ / എക്സിബിഷൻ സമിതി |
| & | & |
| പ്രസിഡന്റ്, ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, പാണ്ടിക്കാട് |
| ഗ്രാമപഞ്ചായത്ത് | |

പകർപ്പ്-1) എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2) എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
3) എല്ലാ ജില്ലാ / ബ്ലോക്ക് / ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടുമാർക്കും, സെക്രട്ടറിമാർക്കും.